# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 6385

31.10.2011-ൽ മറുപടിക്ക്.

### ബ്രഹ്മോസ് എയ്റോ സ്പെയിസ് ലിമിറ്റഡിന്റെ പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.എ. വാഹീദ് :<br>ശ്രീ. റ്റി.എൻ. പ്രതാപൻ :<br>ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി :<br>ശ്രീ. പി.സി. വിഷ്ണുനാഥ് : | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി) |
| (എ) ബ്രഹ്മോസ് എയ്റോ സ്പെയിസ് ലിമിറ്റഡിന്റെ പ്രവർത്തനങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് അറിയാമോ ; | (എ) ബ്രഹ്മോസ് എയ്റോസ്പെയ്സ് പ്രൈവറ്റ് ലിമിറ്റഡ് (BAPL), KELTEC ഏറ്റെടുത്തത് വഴി BIFR-ൽ നിന്നും മാറി ഒരു AS9100 എയ്റോസ്പെയ്സ് ഇൻഡസ്ട്രി ആയി മാറുകയുണ്ടായി. ഇപ്പോൾ ISRO, BrahMos, DRDO, BARC എന്നീ സ്ഥാപനങ്ങൾക്കു- വേണ്ടി ബ്രഹ്മോസ് എയ്റോസ്പെയ്സ് തിരുവനന്തപുരം ലിമിറ്റഡ് (BATL) പ്രവർത്തിച്ചുവരികയാണ്. തിരുവനന്തപുരത്ത് ഇന്ത്യൻ എയർഫോഴ്സ് ഭൂമിയോട് ചേർന്ന് ബ്രഹ്മോസിന്റെ രണ്ടാംഘട്ട ഇന്റഗ്രേഷൻ കോംപ്ലെക്സ് നിർമ്മിക്കുന്നത് വഴി ഇന്ത്യൻ പ്രതിരോധ സംവിധാനത്തിന് ഒരു നാഴിക കല്ലാകുകയാണ്. ഇതിന് വേണ്ടി യന്ത്രസാമഗ്രികൾക്കായി ISRO 25 കോടി രൂപയും, കെട്ടിട സമുച്ചയത്തിനായി DRDO 50 കോടി രൂപയും സംഭാവന ചെയ്തിട്ടുണ്ട്. ഇതു കൂടാതെ 205 കോടി രൂപയുടെ ഓർഡറുകൾ ISRO-യും ബ്രഹ്മോസും ചേർന്ന് BATL-ന് ഏൽപ്പിച്ചിട്ടുണ്ട്. |
| (ബി) ഇതിന്റെ ഓഹരി സംബന്ധിച്ചുള്ള വിശദാംശങ്ങൾ എന്തെല്ലാമാണ് ; | (ബി) പല വികസിത രാജ്യങ്ങൾ പോലും സ്വന്തമായി വികസിപ്പിച്ചിട്ടില്ലാത്ത അത്യന്താധുനിക സൂപ്പർ സോണിക് ക്രൂയിസ് മിസൈലുകളുടെ നിർമ്മാണ- -ത്തിനായി രൂപീകരിച്ച ഇന്ത്യ-റഷ്യ സംയുക്ത സംരംഭമായ ബ്രഹ്മോസിനാണ് കമ്പനിയുടെ 100% ഓഹരി ഉള്ളത്. ഈ സംയുക്ത സംരംഭത്തിന് പ്രതിരോധ മന്ത്രാലയത്തിന്റെ കീഴിലുള്ള DRDO-യുടെ 50.5% ഉം, റഷ്യാ ഗവൺമെന്റിന്റെ NPOM-ന്റെ 49.5% ഉം പ്രവർത്തന മൂലധനമാണ് ഉള്ളത്. |
| (സി) ഈ സ്ഥാപനം പൊതുമേഖലയിൽ തന്നെ നിലനിർത്താൻ നടപടി എടുക്കുമോ ? | (സി) മേൽ പറഞ്ഞതുപ്രകാരം ഇന്ത്യാ ഗവൺമെന്റിന്റെയും റഷ്യാ ഗവൺമെന്റിന്റെയും സംയുക്ത സംരംഭമായ BATL പൂർണ്ണമായും BAPL-ന്റെ കീഴിലാണ്. ആയതിനാൽ BATL പൊതുമേഖലയിൽ തന്നെയാണെന്നുള്ളത് വ്യക്തമാണ്. |

സെക്ഷൻ ഓഫീസർ